കെ.എസ്.ഇ.ബി. യുടെ വാർഷിക കണക്കുകൾ

75 (2653) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. യുടെ വാർഷിക കണക്കുകൾ പ്രകാരം 1990-91 മുതൽ 1998-99 വരെ ഓരോ വർഷത്തേയും വരവും ചെലവും എത്രയെന്നതിന്റെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഓരോ വർഷത്തേയും ലാഭവും നഷ്ടവും എത്ര വീതമാണ് ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന വരവും ചെലവും എത്രയാണ് ;

(ഡി) പ്രതീക്ഷിക്കുന്ന ലാഭം എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട് *

(ബി)

വർഷം	(രൂപ കോടിയിൽ)
1990-91 നഷ്ടം	21.69
1991-92 നഷ്ടം	35.69
1992-93 ലാഭം	18.42
1993-94 ലാഭം	24.12
1994-95 ലാഭം	21.80
1995-96 ലാഭം	22.76
1996-97 ലാഭം	23.99
1997-98 ലാഭം	24.62
1998-99 ലാഭം	38.75

(താൽക്കാലിക കണക്ക്)

(സി&ഡി) ബോർഡിന്റെ 1999-2000ത്തിലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 1999-2000 ത്തിൽ 73.65 കോടി രൂപയുടെ ലാഭം പ്രതീക്ഷിക്കുന്നു. ഈ എസ്റ്റിമേറ്റ് അനുസരിച്ച് 2208.19 കോടി രൂപയുടെ വരുമാനവും 2134.54 കോടി രൂപയുടെ ചെലവും പ്രതീക്ഷിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly